ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

30 (*90) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നു ; കൂടുതൽ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പുതുതായി ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ബോട്ടുയാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) യാത്രക്കാർക്കും ബോട്ടിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? തിരിച്ച് വ്യക്തമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. 1 കോടി 59 ലക്ഷം രൂപ ചെലവിൽ ആലപ്പുഴ പോഞ്ഞിക്കരയിൽ ആധുനിക രീതിയിലുള്ള സ്ലിപ്-വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ആലപ്പുഴയിൽ നിലവിലുണ്ടായിരുന്ന സ്ലീപ്-വേ നവീകരിക്കുകയും, ഇലക്ട്രിക് വിഞ്ച് സ്ഥാപിക്കുകയുംചെയ്തു.

3. 21 പുതിയ സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കി, പഴയ ബോട്ടുകൾക്ക് പകരമായി സർവ്വീസിന് നൽകിയിട്ടുണ്ട്.

4) 9 പുതിയ ബോട്ടുകളുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ 'സിൽക്കി'ൽ നടന്നുവരുന്നു.

5. അപ്പർ ഡെക്ക് സൗകര്യമുള്ള ബോട്ടുകൾ ഉപയോഗിച്ച് കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസ് വിജയകരമായി നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 48 ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു. കൂടുതൽ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(സി) പുതുതായി 9 ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു.

(ഡി) കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് 2010-ൽ നിർദ്ദേശിക്കുന്ന എല്ലാ സുരക്ഷാപരിശോധനകളും നടത്തുകയും, എല്ലാ ജീവൻരക്ഷാ ഉപകരണങ്ങളും ബോട്ടിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് ജാക്കറ്റ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഇ) ബോട്ടിലെ യാത്രക്കാർക്കും, ബോട്ട് ജീവനക്കാർക്കും 2010-11 സാമ്പത്തിക വർഷം, നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരു അപകടത്തിന് പരമാവധി 25 ലക്ഷം രൂപയും ഒരു വർഷത്തേക്ക് 1 കോടി രൂപയുമാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഒരു വ്യക്തി മരണപ്പെടുകയോ/സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ ഒരു ലക്ഷം രൂപയും, ഭാഗിക അംഗവൈകല്യത്തിന് 50,000 രൂപയും ലഭിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

1 (447) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യസ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(സി) ഈ ഇനത്തിൽ പ്രതിവർഷം എന്തു തുക വീതം ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ&ബി) ഉണ്ട്. ഇൻഷ്വറൻസ് തുകയിൽനിന്നും ജീവനക്കാരന് പ്രോത്സാഹന വിഹിതമായ 25% ഒഴികെയുള്ള 75% തുകയും രോഗികളുടെ ചികിത്സക്കും പരിചരണത്തിനും ഗുണപരമായ മേന്മയ്ക്ക് ആവശ്യമായ സംവിധാനത്തിലെ ഗൗരവമായ അപര്യാപ്തതകളും കുറവുകളും പരിഹരിക്കുവാൻ ഉപയോഗിക്കുന്നതിന് ആശുപത്രികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ ഇനത്തിൽ 30 മുതൽ 50 കോടി വരെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾക്ക് ലഭിക്കുമെന്നാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly